No.CEE/4383/2014/KEAM-2015/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ-2015

## അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭിക്കുന്നതു സംബന്ധിച്ച്

2015 ഏപ്രിൽ 20 മുതൽ 23 വരെ തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് **2015 മാർച്ച് 26-ാം തീയതി** മുതൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **KEAM 2015** എന്ന ലിങ്ക് വഴി അവരുടെ അപേക്ഷാ നമ്പരും, ഓൺലൈൻ സമർപ്പണവേളയിൽ നൽകിയ ജനനത്തീയതിയും നൽകി അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇങ്ങനെ ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുകൾ പരീക്ഷാ ഹാളിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. ബാച്ച്ലർ ഓഫ് ആർക്കിടെക്ചർ **(B.Arch)** കോഴ്സിനുമാത്രം അപേക്ഷിച്ചിട്ടുള്ളവർക്കും (പ്രവേശന പരീക്ഷ ഇല്ല) അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത് അവർ കോളേജുകളിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

അപേക്ഷയിലെ അപാകതകൾ മൂലമോ, അപേക്ഷ സ്വീകരിക്കുന്നതിന് അവശ്യം ഉൾക്കൊള്ളിക്കേണ്ട രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലോ ചില വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ താത്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ അവരുടെ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. കൂടാതെ അപേക്ഷയിലെ ന്യൂനതകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും, അവ പരിഹരിക്കുന്നതിനുള്ള പ്രൊഫോർമയുടേയും പ്രിന്റൗട്ടുകൾ അതത് ലിങ്ക് വഴി ലഭിക്കുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ **2015 ഏപ്രിൽ** 7-ാം തീയതിക്കുള്ളിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിലെ അപാകതകൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

അപേക്ഷയോടൊപ്പം വിവിധ സമുദായ/പ്രത്യേക സംവരണാനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള രേഖകളിലോ, കോഴ്സ് സർട്ടിഫിക്കറ്റിലോ അപാകതയുള്ള പക്ഷം, അവ പരിഹരിച്ച് നൽകുന്നതിനുള്ള അവസരം നൽകിക്കൊണ്ട്, അത്തരം വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കുന്ന വേളയിൽത്തന്നെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതും, അപാകതകൾ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അവ പരിഹരിച്ച് നൽകുന്നതിനാവശ്യമായ പ്രഫോർമയുടേയും പ്രിന്റൗട്ടുകൾ അതത് ലിങ്ക് വഴി ലഭ്യമാകുന്നതുമാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ **2015 ഏപ്രിൽ** 7-ാം തീയതിക്കുള്ളിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടുള്ള വിവിധ സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല. ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി മെമ്മോയിൽ നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഒഴികെ പുതിയതായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുമ്പോൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത സമയത്ത് അപേക്ഷകനു ലഭിച്ച മെമ്മോയുടെ ഒരു പകർപ്പുകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, ജനനത്തീയതി എന്നിവ നൽകി ഹോം പേജിൽ പ്രവേശിക്കുമ്പോൾ അവരുടെ വ്യക്തിഗത വിവരങ്ങൾ, പരീക്ഷാ സംബന്ധമായ വിവരങ്ങൾ, വരുമാനം, അനുവദിക്കപ്പെട്ട സമുദായ/പ്രത്യേക സംവരണം എന്നിവ ഉൾപ്പെടുന്ന പ്രൊഫൈൽ ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ സംബന്ധമായി പരാതികൾ ഉണ്ടെങ്കിൽ അവയും **2015 ഏപ്രിൽ 7-ാം** തീയതിക്കുള്ളിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷയിൽ നേറ്റിവിറ്റി/പൗരത്വം സംബന്ധിച്ച ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കപ്പെടുന്ന മുറയ്ക്കു മാത്രമേ ഇത്തരം വിദ്യാർത്ഥികളുടെ സംവരണാനുകൂല്യങ്ങൾ പ്രൊഫൈലിൽ ദൃശ്യമാകുകയുള്ളൂ.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ നൽകിയിട്ടുള്ള **Find Application Number** എന്ന ലിങ്കിൽ നിന്ന് പേരും, പരീക്ഷാ സെന്ററും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ഫാക്സ്/ഇ–മെയിൽ മുഖാന്തിരം അയച്ചു തരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കേരളത്തിലുടനീളമുള്ള അക്ഷയാ സെന്ററുകളിൽ നിന്നും അപേക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ 5 മണിവരെ)

തിരുവനന്തപുരം
25.03.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**